**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (A&T) നടപടിക്രമം.**

വിഷയം:- ആവഡ-ജീവനക്കാര്യം - ശ്രീ.റിയാസ് എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, പ്രാഥമികാരോഗ്യകേന്ദ്രം, കുത്താമ്പുള്ളി, തൃശ്ശൂർ- രാജി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.Rule 29(a) KS&SSR Part III
2.കത്ത്നം.എ2/103/22/ഹെൽത്ത്, തീയതി.04/03/2025
3.കുറിപ്പ് നം.ഇസി7-13644/23/ആവഡ. തീയതി.26/08/2023
4.ശ്രീ.റിയാസ് എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 –ന്റെ 25/10/2023 തീയതി രേഖപ്പെടുത്തിയ അപേക്ഷ
5..കത്ത് നം.എ4-2456/2024/ജി.മെ.ആ(ആ) തൃശ്ശൂർ, തീയതി.21/03/2024
6.കുറിപ്പ് നം.ഇസി7-13644/23/ആവഡ. തീയതി. 27/02/2026.

**ഉത്തരവ് നം.നം ഇജി2-8121/2024/ആവഡ.തീയതി.26-03-2026**

തൃശ്ശൂർ ജില്ലയിലെ കുത്താമ്പുള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയിരുന്ന ശ്രീ.റിയാസ് എ 17/01/2003-ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി ജോലിയിൽ പ്രവേശിച്ചു. 05/10/2017 മുതൽ 5 വർഷം ശൂന്യവേതനാവധിയിൽ തുടർന്നു വന്നു. അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയുടെ കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാതെ 06/10/2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന കുറ്റത്തിന് പരമർശം(3) പ്രകാരം ടിയാന് കുറ്റാരോപണമെമ്മോ നൽകി അച്ചടക്കനടപടികൾ ആരംഭിക്കുകയും ചെയ്തു. അച്ചടക്കനടപടികൾ ആരംഭിച്ചശേഷം പരാമർശം(4) പ്രകാരം രാജി അനുവദിച്ച് നൽകണം എന്നാവശ്യപ്പെട്ട് ജീവനക്കാരൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തുടരുന്നത് നിർത്തിവച്ചിരിക്കുന്നു എന്ന വിവരം പരമർശം(6) പ്രകാരം അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ അച്ചടക്കനടപടിയിൽ നിന്നും ഒഴിവാകുന്നതിന് വേണ്ടി രാജി നൽകി എന്നു വിലയിരുത്തി ഭാവിയിൽ സർക്കാർ വകുപ്പുകളിൽ നിയമനം നൽകാൻ പാടില്ല എന്ന നിബന്ധനയോടെയും മുൻകാല യോഗ്യതയുള്ള എല്ലാ സേവനങ്ങളും നഷ്ടപ്പെടുമെന്ന വ്യവസ്ഥയോടും 25/10/2023 പ്രാബല്യത്തിൽ KSR Part III Rule 29(a) പ്രകാരം ശ്രീ.റിയാസ് എ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1ന്റെ രാജി സ്വീകരിച്ച് ഉത്തരവാകുന്നു.

ശ്രീ.റിയാസ് എ ആരോഗ്യവകുപ്പിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ഏതെങ്കിലും ബാധ്യതകൾ പിന്നീട് കണ്ടെത്തുന്ന പക്ഷം ആയത് തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

DR SHINU K S
ADDITIONAL DIRECTOR OF HEALTH SERVICES

Digitally signed by
Shinu K S
Date: 26-03-2026
15:58:32

സ്വീകർത്താവ്:-

ശ്രീ.റിയാസ് എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1

പകർപ്പ്:-

1.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
2.അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം
3.മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, കുത്താമ്പുള്ളി
4.സൂപ്രണ്ട്, ഇ സി സെക്ഷൻ
5.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
6.ഫയൽ/കരുതൽ ഫയൽ